# VERAPOLY

## ARCHDIOCESAN GAZETTE

## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LIV - JK 42 | 2020 March 28 | No. 6**


CIRCULAR - 17

# വിശുദ്ധവാരതിരുക്കർമ്മങ്ങൾ 2020

## അനുബന്ധനിർദ്ദേശങ്ങൾ

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

കോവിഡ് 19 മഹാമാരിയുടെ വ്യാപനം തടയുന്നതിനുള്ള കർശന നടപടികളുടെ ഭാഗമായ നിയന്ത്രണങ്ങളിലൂടെയാണല്ലോ നാം കടന്നു പോകുന്നത്. എല്ലാവരെയും ഞാൻ പ്രാർത്ഥനാപൂർവ്വം സ്മരിക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നൽകിക്കൊണ്ടിരിക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്ന് വീണ്ടും ഞാൻ ഓർമ്മിപ്പിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഈ വർഷത്തെ വിശുദ്ധവാരതിരുക്കർമ്മങ്ങൾ ലളിതമായി ജനപങ്കാളിത്തമില്ലാതെ കത്തീഡ്രൽ ദേവാലയത്തിലും ഇടവകദേവാലയങ്ങളിലും ആശ്രമദേവാലയങ്ങളിലും നടത്തുന്നതിനായി വത്തിക്കാനിൽ നിന്നും ആരാധനക്രമത്തിനായുള്ള തിരുസംഘം നൽകിയിട്ടുള്ള കല്പനകളുടെ അടിസ്ഥാനത്തിൽ സി.സി.ബി.ഐ.യുടെയും, സി.ബി.സി.ഐയുടെയും നിർദ്ദേശങ്ങൾ

നിങ്ങൾക്കു ലഭിച്ചിട്ടുള്ളതാണല്ലോ. അതുപ്രകാരം ഈ വർഷത്തെ വിശുദ്ധവാരതിരുക്കർമ്മങ്ങൾ വിശ്വാസികളുടെ പങ്കാളിത്തമില്ലാതെ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

* വിശുദ്ധവാരതിരുക്കർമ്മങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം കാർമ്മികനും ശുശ്രൂഷകരും ഉൾപ്പെടെ 5 പേരിൽ കൂടുതൽ പാടുള്ളതല്ല എന്ന് ഓർമ്മിപ്പിക്കുന്നു.

* കെ.ആർ.എൽ.സി.ബി.സി ലിറ്റർജി കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ളതനുസരിച്ച് വിശുദ്ധവാരത്തിലെ തിങ്കൾ, ചൊവ്വ, ബുധൻ ദിവസങ്ങളിൽ ഇടവകകളിൽ സമയം മുൻകൂട്ടി അറിയിച്ച് പൊതു അനുരഞ്ജനശുശ്രൂഷ നടത്തി നവമാധ്യമങ്ങളിലൂടെ ദൈവജനത്തിന് അതിൽ പങ്കുചേരാനുള്ള സാഹചര്യം ഒരുക്കുന്നത് നല്ലതായിരിക്കും.

* ഓശാനഞായറാഴ്ചത്തെ തിരുക്കർമ്മങ്ങൾക്ക് റോമൻ മിസ്സാളിൽ 294-ാം പേജിൽ നൽകിയിട്ടുള്ള "ത്രിതീയരൂപം; ലഘു പ്രവേശനം" ആണ് ഉപയോഗിക്കേണ്ടത്. കുരുത്തോല ആശീർവാദവും ആമുഖ സുവിശേഷവായനയും ഒഴിവാക്കി ലഘുപ്രവേശനത്തിനുശേഷം ദിവ്യബലി തുടരുന്നു. *(കുരുത്തോല ലഭ്യമെങ്കിൽ ആശീർവദിച്ച് കാർമ്മികന് കൈയിൽ വഹിക്കാവുന്നതാണ്. പിന്നീട് ഇപ്പോഴുള്ള നിയന്ത്രണങ്ങൾ മാറി ജനജീവിതം സാധാരണ നിലയിലാകുമ്പോൾ ഉചിതമായ ഒരു ഞായറാഴ്ച കുരുത്തോലകൾ ആശീർവദിച്ച് ഭവനങ്ങളിലേക്ക് നൽകാവുന്നതാണ്).*

* പെസഹാവ്യാഴാഴ്ച പാദക്ഷാളനകർമ്മം ഒഴിവാക്കേണ്ടതാണ്. കൂടാതെ, തിരുവത്താഴദിവ്യബലിക്കുശേഷം പ്രത്യേകം തയ്യാറാക്കിയിരിക്കുന്ന സ്ഥലത്തേക്ക് ദിവ്യകാരുണ്യം സംവഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഒഴിവാക്കി ദിവ്യകാരുണ്യം സക്രാരിയിൽതന്നെ സൂക്ഷിക്കേണ്ടതാണ്. തുടർന്നുള്ള പൊതുവായ ദിവ്യകാരുണ്യ ആരാധന നടത്തുന്നില്ല.

* ദുഃഖവെള്ളിയാഴ്ച രാവിലെ കുടുംബങ്ങളിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് കുരിശിന്റെ വഴി നടത്തേണ്ടതാണ് എന്ന കാര്യം ഒരിക്കൽക്കൂടി ഓർമ്മിപ്പിക്കുന്നു. അന്ന് ഉച്ചകഴിഞ്ഞ് 3 മണിക്കു

ശേഷം ദേവാലയത്തിൽ നടത്തപ്പെടുന്ന കർത്താവിന്റെ പീഡാസഹനാചരണ തിരുക്കർമ്മങ്ങളിൽ ദൈവവചനപ്രഘോഷണ കർമ്മവും കുരിശാരാധനയും ദിവ്യകാരുണ്യ സ്വീകരണവും സാധാരണപോലെ നടത്തേണ്ടതാണ്. എന്നാൽ കുരിശാരാധനയ്ക്കുശേഷം കാർമ്മികൻ മാത്രം ആദരസൂചകമായി പ്രാദേശികാചാരമനുസരിച്ചുള്ള കുരിശുചുംബനം നടത്തുന്നു. തുടർന്ന്, കുരിശിന്റെ പൊതുവായ ആശീർവാദം നല്കുന്നു. അന്നത്തെ സാർവത്രീക പ്രാർത്ഥനയിൽ മഹാമാരിയുടെ പിടിയിൽപ്പെട്ട രോഗികൾക്കും മരണമടഞ്ഞവർക്കുവേണ്ടിയും ആതുരശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്നവർക്കുവേണ്ടിയും പ്രാർത്ഥിക്കേണ്ടതാണ്.

ദിവ്യകാരുണ്യസ്വീകരണത്തിനുശേഷം തിരുക്കർമ്മങ്ങൾ അവസാനിക്കുന്നു. ദുഃഖവെള്ളിയാഴ്ചയിലെ പരിഹാരപ്രദക്ഷിണവും പീഢാനുഭവതിരുസ്വരൂപപ്രയാണവും ഈ വർഷം കുരിശിന്റെ മഹത്വത്തിന്റെ തിരുനാൾദിനത്തിൽ (സെപ്തംബർ 14) നടത്താവുന്നതാണ്.

* വലിയശനിയാഴ്ച രാത്രി പെസഹാജാഗരതിരുക്കർമ്മങ്ങളിൽ പുത്തൻ തീ ആശീർവാദവും പ്രദക്ഷിണവും ഒഴിവാക്കി പെസഹാതിരി തെളിച്ചതിനുശേഷം പെസഹാപ്രഘോഷണം നടത്തേണ്ടതാണ്. റോമൻ മിസാളിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ വായനകളുടെ എണ്ണം കുറയ്ക്കാവുന്നതാണ്. ജ്ഞാനസ്നാനകർമ്മത്തിൽ ജ്ഞാനസ്നാനവ്രതനവീകരണം മാത്രം നടത്തിയാൽ മതിയാകും. ജലാശീർവാദം ഇപ്പോൾ നടത്തുന്നില്ല *(പിന്നീട് ജലം ആശീർവദിച്ച് ജനങ്ങൾക്ക് നൽകിയാൽ മതി).* തുടർന്ന് ദിവ്യബലി സാധാരണപോലെ തുടരുന്നു.

നമ്മുടെ കത്തീഡ്രൽ ദേവാലയത്തിൽ ഓശാനഞായറാഴ്ച രാവിലെ 7 മണിക്ക് ഞാൻ തിരുക്കർമ്മങ്ങൾക്ക് കാർമികത്വം വഹിക്കുന്നതാണ്. വിവിധ കൂദാശകൾക്കായി ഉപയോഗിക്കാനുള്ള വിശുദ്ധ തൈലം ആശീർവദിക്കേണ്ടതുകൊണ്ട് പെസഹാവ്യാഴാഴ്ച രാവിലെ 7.30ന് തീർത്തും ലളിതമായി തൈലപരികർമ്മപൂജ (Chrism Mass) യും

ഞാൻ അർപ്പിക്കുന്നതാണ്. എന്റെ എല്ലാ വൈദികസഹോദരങ്ങളെയും പ്രതിനിധീകരിച്ച് നമ്മുടെ വികാരി ജനറൽമാരും, ഒന്നാം ഫൊറോന വികാരിയും പ്രസ്തുത ദിവ്യബലിയിൽ സഹകാർമ്മികരാകും. നമ്മുടെ വൈദികകൂട്ടായ്മയുടെ ഭാഗവുംകൂടിയായ Chrism Mass-ൽ ഞാൻ എല്ലാ വൈദികരെയും ഓർത്ത് പ്രാർത്ഥിക്കുന്നതാണ്. കൂടാതെ, എല്ലാ സന്ന്യസ്തരേയും അല്മായ സഹോദരങ്ങളേയും പ്രത്യേകം അനുസ്മരിക്കുന്നതാണ്.

പെസഹാവ്യാഴാഴ്ച വൈകിട്ട് 5 മണിക്ക് തിരുവത്താഴദിവ്യബലി, ദുഃഖവെള്ളിയാഴ്ച വൈകിട്ട് 4 മണിക്ക് കർത്താവിന്റെ പീഢാസഹനാചരണ തിരുക്കർമ്മങ്ങൾ, ശനിയാഴ്ച രാത്രി 10 മണിക്ക് പെസഹാജാഗര തിരുക്കർമ്മങ്ങൾ എന്നിവയ്ക്കും ഞാൻ കത്തീഡ്രൽ ദേവാലയത്തിൽ കാർമികത്വം വഹിക്കുന്നതാണ്. ഇടവകകളിലെ തിരുക്കർമ്മങ്ങളുടെ സമയക്രമം മുൻകൂട്ടി വിശ്വാസികളെ സമൂഹമാധ്യമങ്ങൾ വഴിയോ ലഭ്യമായ മറ്റുമാർഗ്ഗങ്ങളിലൂടെയോ അറിയിക്കുമല്ലോ.

കത്തീഡ്രൽ ദേവാലയത്തിലെ പെസഹാവ്യാഴം - വൈകിട്ട് 5 മണി, ദുഃഖവെള്ളി - വൈകിട്ട് 4 മണി, വലിയശനി - രാത്രി 10 മണി എന്നീ സമയത്തുള്ള തിരുക്കർമ്മങ്ങൾ **ACV ടിവി ചാനലിൽ** തൽസമയം സംപ്രേക്ഷണം ചെയ്യുന്നതാണ്. കൂടാതെ **Goodness YOU TUBE ചാനലിലും** ഇത് തത്സമയം ലഭ്യമായിരിക്കും. ഓശാനഞായർ രാവിലെ 7 മണിക്കുള്ള ദിവ്യബലിയും തുടർന്ന് നടത്തുന്ന പൊതുവായ അനുരഞ്ജന ശുശ്രൂഷയും **Goodness YOU TUBE ചാനലിൽ** തത്സമയം ലഭിക്കുന്നതാണ്. ഇടവകകളിലെ തിരുക്കർമ്മങ്ങൾ ലൈവ് സ്ട്രീമിംഗിലൂടെ വിശ്വാസികൾക്ക് ലഭ്യമാക്കാനുള്ള നിങ്ങളുടെ എല്ലാവരുടെയും ശ്രമങ്ങൾക്ക് ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

കെ.ആർ.എൽ.സി.ബി.സിയുടെ സർക്കുലറിൽ പറഞ്ഞിരിക്കുന്ന കുടുംബ ലിറ്റർജി അനുസരിച്ച് കുടുംബങ്ങളിൽ ഈ ദിവസങ്ങളിൽ എല്ലാവരും ഒരുമിച്ചിരുന്ന് പ്രത്യേകം പ്രാർത്ഥിക്കണമെന്നും ഞാൻ ഓർമ്മിപ്പിക്കുന്നു. വിശുദ്ധവാരതിരുക്കർമ്മങ്ങളിൽ വീടുകളിലിരുന്ന് മാധ്യമങ്ങളിലൂടെ ആത്മനാ പങ്കുചേരുമ്പോൾ ദേവാലയത്തിൽ നാം എപ്രകാരമാണോ ആയിരിക്കുന്നത് അതുപോലെ ഭക്തിയോടെയും ഒരുക്കത്തോടെയും ആയിരിക്കാൻ ശ്രദ്ധിക്കണമെന്ന് എല്ലാവരെയും ഞാൻ അനുസ്മരിപ്പിക്കുന്നു.

അതീവസങ്കീർണ്ണമായ ഈ സാഹചര്യത്തിൽ സാധ്യമായ സഹായങ്ങൾ നൽകുന്നതിനും ലഭിക്കുന്ന വിവരങ്ങൾ പങ്കുവയ്ക്കുന്നതിനുമായി അതിരൂപതാ PUBLIC RELATIONS DEPARTMENT ന്റെ ഭാഗമായി ഒരു ഹെൽപ്പ് ഡെസ്ക് പ്രവർത്തിക്കുന്നുണ്ട് എന്നും അറിയിക്കുന്നു.

നമ്മുടെ ആരാധനക്രമത്തിലെ വളരെ സുപ്രധാനമായ തിരുക്കർമ്മങ്ങൾ അനുഷ്ഠിക്കപ്പെടുന്ന വിശുദ്ധവാരത്തിൽപോലും ദേവാലയത്തിൽവന്ന് തിരുക്കർമ്മങ്ങളിൽ സംബന്ധിക്കാൻ കഴിയാതെ പോകുന്നത് നമുക്ക് വേദനാജനകമാണ്. എല്ലാ വേദനയും സഹനങ്ങളും യേശുവിന്റെ പീഡാസഹനങ്ങളോട് നമുക്ക് ചേർത്തുവയ്ക്കാം. എന്നാൽ ഈ മഹാമാരിയുടെ വിപത്തിൽനിന്ന് നാമെല്ലാവരും സംരക്ഷിക്കപ്പെടേണ്ടതിന് ഇത് അനിവാര്യമായതിനാൽ കൂടുതൽ ശക്തിയായ വിശ്വാസത്തോടെ നമുക്ക് നമ്മുടെ പ്രാർത്ഥനകൾ അർപ്പിക്കാം. നമ്മൾ പരസ്പരം കാണുന്നില്ലെങ്കിലും നമ്മുടെ പ്രാർത്ഥനകളിലൂടെ ഇപ്പോൾ തൊട്ടടുത്ത്തന്നെയുണ്ട്. നമ്മുടെ കരങ്ങൾ യേശുവിന്റെ കരങ്ങളോട് നമുക്ക് ചേർത്ത് വയ്ക്കാം. എല്ലാം ലോക്ക്ഡൗണായിരിക്കുന്ന ഈ സമയത്ത് നമ്മുടെ ഹൃദയവാതിലുകൾ നമുക്ക് തുറന്നിടാം. നമ്മെയും നമ്മുടെ പ്രിയപ്പെട്ടവരെയും നമ്മുടെ നാടിനെയും ലോകത്തെയും അതിലൂടെ ദൈവത്തിന് സമർപ്പിക്കാം. രോഗബാധിതരും നിരീക്ഷണത്തിലുള്ളവരും അവരെ ശുശ്രൂഷിക്കുന്നവരും നമ്മുടെ ഭരണാധികാരികളും നാമോരോരുത്തരും അവിടുത്തെ കരങ്ങളിൽ സുരക്ഷിതരായിരിക്കട്ടെയെന്ന് ഞാൻ ഹൃദയപൂർവ്വം പ്രാർത്ഥിക്കുന്നു.

എറണാകുളത്ത് നമ്മുടെ അതിമെത്രാസന മന്ദിരത്തിൽനിന്ന് 2020 മാർച്ച് 28-ാം തീയതി,

**+ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

---

NB: ഈ സർക്കുലറിലെ വിവരങ്ങളും, ഇതോടൊപ്പം ചേർക്കുന്ന കെ.ആർ.എൽ.സി.ബി.സി. സർക്കുലറിലെ വിവരങ്ങളും സമൂഹമാധ്യമങ്ങൾവഴിയോ ലഭ്യമായ മറ്റു മാർഗ്ഗങ്ങളിലൂടെയോ താമസംവിനാ ജനങ്ങളെ അറിയിക്കേണ്ടതാണ്.

# വിശുദ്ധവാരാചരണം 2020
# കുടുംബ ലിറ്റർജി

## കർത്താവിന്റെ പീഡാനുഭവത്തിന്റെ കുരുത്തോല ഞായറാഴ്ച

സമൂഹമാധ്യമങ്ങളിലൂടെ തിരുക്കർമങ്ങളിൽ പങ്കെടുക്കാൻ സാധിക്കാത്തവർക്കുള്ള കുടുംബ ലിറ്റർജി ചുവടെ ചേർക്കുന്നു. ഇടവകയിൽ തിരുക്കർമങ്ങൾ നടത്തുന്ന സമയത്തോ അനുയോജ്യമായ മറ്റൊരു സമയത്തോ കുടുംബാംഗങ്ങൾ ഭവനത്തിൽ ഒരുമിച്ചു ചേർന്ന് താഴെ പറയുന്ന ക്രമത്തിൽ പ്രാർഥനാശുശ്രൂഷ നടത്തുന്നു.

കുടുംബനാഥൻ/നാഥ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

ആമേൻ.

**ആമുഖം**

ഇന്ന് തിരുസഭ അനുസ്മരിക്കുന്നത് ക്രിസ്തുനാഥൻ പെസഹാ ദിവ്യരഹസ്യം പൂർത്തീകരിക്കാൻ ജെറുസലേമിൽ സാഘോഷം പ്രവേശിച്ച സംഭവമാണ്. നമ്മുടെ കുടുംബമാകുന്ന ഗാർഹികസഭ ഒരുമിച്ച് ക്രിസ്തുനാഥന്റെ ജെറുസലേം പ്രവേശനത്തിന്റെ സ്മരണ ആചരിക്കാം.

**ഹോസാനഗീതം**

ഹോസാന, ഹോസാന
ദാവീദിൻ സുതനോസാന
കർത്താവിൻ തിരുനാമമതിൽ
വരുവോൻ അതീവധന്യനുമാം
ഇസ്രായേലിൻ നൃപനെന്നും
ഉന്നതവിണ്ണിൽ ഹോസാന (ഹോസാന)

**ആമുഖം**

നമുക്കുവേണ്ടി പീഡകൾ സഹിച്ച് മരിക്കുകയും ഉയിർത്തെഴുന്നേല്ക്കുകയും ചെയ്തുകൊണ്ട് പരിത്രാണകർമം പൂർത്തീകരിക്കുവാൻ ഇന്നേദിവസം ക്രിസ്തുനാഥൻ വിജയശ്രീയോടെ ജെറുസലേം

നഗരത്തിൽ പ്രവേശിക്കുകയാണ്. നമുക്കും ഭക്തിപൂർവം ക്രിസ്തു നാഥന്റെ രക്ഷാകർമം അനുസ്മരിക്കാം. അവിടത്തെ കുരിശിൽ പങ്കു ചേരുന്ന നമുക്ക് അവിടത്തെ പുനരുത്ഥാനത്തിലും പുതുജീവനിലും ഭാഗഭാക്കുകളാകാനുള്ള അനുഗ്രഹം സർവശക്തനായ ദൈവം നല്കുമാറാകട്ടെ.

സുവിശേഷഭാഗം വായിക്കുന്നു (മത്താ 21:1–11 )

**കർത്താവിന്റെ സുവിശേഷം**

**ക്രിസ്തുവേ അങ്ങേയ്ക്കു സ്തുതി**

ഒലിവുശാഖയും വഹിച്ചെബ്രായബാലകർ
സ്വരമുയർത്തി സ്വീകരിച്ചു നാഥനെ മുദാ
ഉടനെ ഉച്ചരിച്ചിതാർപ്പുവിളിയൊടൊത്തഹോ!
ഉയരെ സ്വർഗമായതിൻ ഹോസാന!

ജനതതി കുതുകമായ് കരമുയർത്തവേ
വഴിയിൽ നീളെ വസ്ത്രവും വിരിച്ചുമോടിയിൽ
മഹിതനീശസുതനു നിത്യം ഹോസാന, ഹോസാന.

ഭൂമിയും അതിങ്കലുള്ള സർവവസ്തുവും
ഭൂതലം, അതിൽ വസിച്ചിടുന്ന സർവരും
ദൈവമായ നാഥനൊക്കെ സ്വന്തമാകുന്നു
ആഴിമേൽ ഈ ഭൂതലത്തെയങ്ങു സ്ഥാപിച്ചു
ദൈവമായ നാഥനൊക്കെ സ്വന്തമാകുന്നു
പുഴകൾ തന്നിൽ ആയതിനെയങ്ങുറപ്പിച്ചു
(ജനതതി...)

രക്ഷകന്റെ മാമലയിൽ ആര് പ്രവേശിക്കും?
തന്റെ ദിവ്യസന്നിധിയിലാരു നിന്നിടും?
സ്വച്ഛമാം കരങ്ങളും മനസ്സുമുള്ളവൻ,
വ്യർഥമായി തൻ മനസ്സു മാറ്റിടാത്തവൻ.
സ്വച്ഛമാം കരങ്ങളും മനസ്സുമുള്ളവൻ,
കള്ളസത്യമേതുമങ്ങു ചൊല്ലിടാത്തവൻ.
(ജനതതി...)

പീഡാനുഭവവായന (മത്താ. 26:14-27:66)

സ്വയംപ്രേരിത വിശ്വാസികളുടെപ്രാർഥന

സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ.....

**അരൂപിയിലുള്ള ദിവ്യകാരുണ്യസ്വീകരണം**

എന്റെ യേശുവേ അങ്ങ് ദിവ്യകാരുണ്യകൂദാശയിൽ സന്നിഹിതനാണെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളേയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുകയും എന്റെ ആത്മാവിൽ അങ്ങയെ സ്വീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദിവ്യകൂദാശയിൽ അങ്ങയെ സ്വീകരിക്കുവാൻ ഇപ്പോൾ എനിക്കു സാധ്യമല്ലാത്തതിനാൽ അരൂപിയിൽ എന്റെ ഹൃദയത്തിലേക്ക് അങ്ങ് എഴുന്നെള്ളിവരേണമെ. അങ്ങ് എന്നിൽ സന്നിഹിതനാണെന്ന് വിശ്വസിച്ച് ഞാനങ്ങയെ ആശ്ലേഷിക്കുകയും എന്നെ അങ്ങയോട് പൂർണ്ണമായും ഐക്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരിക്കലും അങ്ങയിൽ നിന്ന് അകലാൻ എന്നെ അനുവദിക്കരുതേ.
ആമേൻ.

സമാപനഗാനം

******

*(കുടുംബാംഗങ്ങൾ വൈകുന്നേരം ഭവനത്തിൽ ഒരുമിച്ചുകൂടി സുവിശേഷത്തിലെ കർത്താവിന്റെ പീഡാനുഭവ ഭാഗങ്ങൾ (യോഹ18:1-19;42; മർക്കോ14:1-15:47; ലൂക്കാ 22:15-23:56) വായിച്ച് ധ്യാനിക്കുന്നു. പുത്തൻപാനപോലെയുള്ള കർത്താവിന്റെ പീഡാനുഭവചിന്ത ഉണർത്തുന്ന ഗീതങ്ങൾ ആലപിച്ച് വിശുദ്ധവാരാചരണം ഫലപ്രദമാക്കാവുന്നതാണ്.)*

## വിശുദ്ധവാരത്തിലെ തിങ്കൾ, ചൊവ്വ, ബുധൻ

ഈ ദിവസങ്ങളിൽ പൊതുഅനുരഞ്ജനശുശ്രൂഷ രൂപതാതലത്തിലോ ഇടവകതലത്തിലോ നടത്തി ഭവനങ്ങളിലിരുന്ന് നവമാധ്യമങ്ങളിലൂടെ ദൈവജനത്തിന് പങ്കുചേരാനുള്ള സാഹചര്യം ഒരുക്കുന്നത് നല്ലതായിരിക്കും. ഈ ദിവസങ്ങളിലെ ദിവ്യബലിയും ഇത്തരത്തിൽ

സംപ്രേഷണം ചെയ്യാവുന്നതാണ്. ഈ ദിവസങ്ങളിൽ ഉച്ചയ്ക്ക് മൂന്നു മണിക്ക് കരുണക്കൊന്ത ചൊല്ലുന്നതും സൗകര്യപ്രദമായ സമയത്ത് കുരിശിന്റെവഴി നടത്തുന്നതും അഭികാമ്യമാണ്.

## കർത്താവിന്റെ അത്താഴത്തിന്റെ വ്യാഴാഴ്ച

നിശ്ചിതസമയത്ത് ദൈവാലയങ്ങളിൽ വൈദികർ പാദക്ഷാളന കർമം ഒഴിവാക്കിക്കൊണ്ട് കർത്താവിന്റെ അത്താഴത്തിന്റെ പൂജ അർപ്പിക്കുകയും തത്സമയം നവമാധ്യങ്ങളിലൂടെ സംപ്രേഷണം ചെയ്യുകയും കുടുംബാംഗങ്ങൾ ഭവനങ്ങളിൽ ഇരുന്ന് ഭക്തിപൂർവം പങ്കെടുക്കുകയും ചെയ്യേണ്ടതാണ്. പ്രസ്തുത കർമങ്ങൾക്കുശേഷം ഭവനങ്ങളിൽ കുടുംബാംഗങ്ങൾ ഒരുമിച്ച് പെസഹാ അപ്പം മുറിക്കൽ ശുശ്രൂഷയുടെ ഓർമ താഴെപറയും പ്രകാരം ആചരിക്കാവുന്നതാണ്.

*(പ്രത്യേകം തയ്യാറാക്കിയ പുളിപ്പില്ലാത്ത അപ്പവും, പാനീയവും ഒരു മേശപ്പുറത്ത് വച്ചിട്ട് കുടുംബാംഗങ്ങൾ എല്ലാവരും മേശയ്ക്കുചുറ്റും ഭക്തിപൂർവ്വം നില്ക്കുന്നു. കുടുംബനാഥൻ മേശപ്പുറത്തെ തിരി കത്തിച്ചശേഷം കർമങ്ങൾ ആരംഭിക്കുന്നു.)*

കുടുംബനാഥൻ/നാഥ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

ആമേൻ.

**ആമുഖം**

ദിവ്യകാരുണ്യത്തിന്റെയും പൗരോഹിത്യത്തിന്റെയും സ്ഥാപനവും പരസ്നേഹകല്പനയും സഭ അനുസ്മരിക്കുന്ന ദിനമാണിന്ന്. നിത്യജീവന്റെ ഭോജനമായി യേശു തന്റെ ശരീരത്തെതന്നെ ലോകത്തിന് നല്കുകയും ശിഷ്യന്മാരുടെ പാദങ്ങൾ കഴുകിക്കൊണ്ട് പരസ്നേഹത്തിന്റെ ഉത്തമമാതൃക കാണിച്ചുതരികയും ചെയ്തു. സ്നേഹത്തിന്റെ ഉറവിടവും കൂട്ടായ്മയുടെ അടിസ്ഥാനരൂപവുമായ കുടുംബത്തിൽ പെസഹാത്രിദിനത്തിലെ കർത്താവിന്റെ അത്താഴത്തിന്റെ വ്യാഴാഴ്ച അനുസ്മരിക്കുകയും പെസഹാഅപ്പം മുറിക്കലിൽ പങ്കുചേരുകയും ചെയ്യാം.

നമുക്ക് പ്രാർഥിക്കാം

നിത്യപുരോഹിതനായ യേശുവേ, അങ്ങ് സ്വയം മരണം വരിക്കുന്നതിനുമുൻപ് തിരുവത്താഴത്തെ നവീനവും സനാതനവുമായ ബലിയും സ്നേഹവിരുന്നുമായി സ്ഥാപിച്ചുവല്ലോ. ആ ബലിയെ അനുസ്മരിച്ചുകൊണ്ട് ഞങ്ങൾ പങ്കുവെയ്ക്കാൻ പോകുന്ന ഈ പുളിപ്പില്ലാത്ത അപ്പത്തെ ആശീർവദിച്ചാലും. ഇതിൽ പങ്കുചേരുന്ന ഞങ്ങൾ ഒരേ ഹൃദയവും ഒരേ ചിന്തയുമായി ജീവിക്കാൻ അനുവദിക്കണമെ! ഇതുവഴി ഞങ്ങൾ സ്നേഹത്തിന്റേയും ആദ്ധ്യാത്മികജീവന്റേയും പൂർണ്ണത പ്രാപിക്കാൻ അനുഗ്രഹിക്കണമെ! ആമേൻ.

**വചനപാരായണം**

പുറപ്പാട് 12:1–8; 11–14

**കർത്താവിന്റെ വചനം – ദൈവത്തിനു നന്ദി**

**പ്രതിവചനസങ്കീർത്തനം**

R അനുഗ്രഹത്തിന്റെ പാനപാത്രത്തിൽ പങ്കുചേരുക/ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമത്രേ.

കർത്താവിനു നമ്മെക്കുറിച്ചു വിചാരമുണ്ട്, അവിടുന്നു നമ്മെ അനുഗ്രഹിക്കും; അവിടുന്ന് ഇസ്രായേൽ ഭവനത്തെ ആശീർവദിക്കും; അഹറോൻെറ ഭവനത്തെ അനുഗ്രഹിക്കും.

R അനുഗ്രഹത്തിന്റെ പാനപാത്രത്തിൽ പങ്കുചേരുക/ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമത്രേ.

കർത്താവിൻെറ ഭക്തൻമാരെ, ചെറിയവരെയും വലിയവരെയും, അവിടുന്ന് അനുഗ്രഹിക്കും. ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവു നിങ്ങളെ അനുഗ്രഹിക്കട്ടെ!

R അനുഗ്രഹത്തിന്റെ പാനപാത്രത്തിൽ പങ്കുചേരുക/ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമത്രേ.

ആകാശം കർത്താവിനു മാത്രമുള്ളത്; എന്നാൽ, ഭൂമി അവിടുന്നു മനുഷ്യമക്കൾക്കു നൽകിയിരിക്കുന്നു. മരിച്ചവരും നിശ്ശബ്ദതയിൽ ആണ്ടുപോയവരും കർത്താവിനെ സ്തുതിക്കുന്നില്ല. എന്നാൽ, നമ്മൾ ഇന്നുമെന്നേക്കും കർത്താവിനെ സ്തുതിക്കും; കർത്താവിനെ സ്തുതിക്കുവിൻ.

R അനുഗ്രഹത്തിന്റെ പാനപാത്രത്തിൽ പങ്കുചേരുക/ക്രിസ്തുവിന്റെ രക്തത്തിലുള്ള ഭാഗഭാഗിത്വമത്രേ.

**സുവിശേഷം**

മത്തായി 26:17–19, 26–30

**കർത്താവിന്റെസുവിശേഷം**
**ക്രിസ്തുവേ അങ്ങേയ്ക്കു സ്തുതി**

## സ്വയംപ്രേരിത വിശ്വാസികളുടെപ്രാർഥന

നമുക്കു പ്രാർഥിക്കാം

സ്നേഹപിതാവായ ദൈവമേ 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്നരുൾച്ചെയ്ത കർത്താവിന്റെ കരുണയും സ്നേഹവാത്സല്യങ്ങളുംവഴി ഈ പുളിപ്പില്ലാത്ത അപ്പത്തെ ആശീർവദിക്കണമേ! ഈ സ്നേഹഭോജനംവഴി ഞങ്ങൾ കുടുംബസമേതം സ്നേഹത്തിലും ഐക്യത്തിലും ജീവിക്കുവാനും അങ്ങയെ ആരാധിക്കുവാനും ശക്തി നല്കണമേ! ഞങ്ങളുടെ കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ! ആമേൻ.

*(അനന്തരം ഗൃഹനാഥൻ അപ്പം മുറിച്ച് പാനീയത്തിൽ മുക്കി കുടുംബാംഗങ്ങൾക്ക് പ്രായക്രമത്തിൽ നല്കുന്നു)*

സ്നേഹമെവിടെ, ഉപവിയെവിടെ
ദൈവമുണ്ടവിടെ (2)
ക്രിസ്തുവിൽ തിരുസ്നേഹമൊന്നായ്
ചേർത്തിതാ നമ്മെ (2)
ഉല്ലസിക്കുക ക്രിസ്തുവിൽ നാം
ഹർഷപുളകിതരായ്
ദൈവസ്നേഹം ദൈവഭയവും
വളരണം നമ്മിൽ (2)
നമ്മൾ തമ്മിൽ ഹൃദയപൂർവം
പകരണം സ്നേഹം
നമ്മളൊന്നായ് ചേർന്നിടുമ്പോൾ
മനസ്സിൽ ഭിന്നതയോ (2)

ശണ്ഠപോൽകിടമത്സരങ്ങളും
മറയണം വേഗം
ക്രിസ്തുനാഥൻ നമ്മിലെന്നും
വാഴണംമേന്മേൽ (2)
ധന്യരായിവർ മഹിതമാം നിൻ
പദമലർചൂടാൻ
സ്വർഗഭാഗ്യമരുളണം നീ
സതതമെൻ നാഥാ (2)

**അരൂപിയിലുള്ള ദിവ്യകാരുണ്യസ്വീകരണം**

എന്റെ യേശുവേ അങ്ങ് ദിവ്യകാരുണ്യകൂദാശയിൽ സന്നിഹിത നാണെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളേയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുകയും എന്റെ ആത്മാവിൽ അങ്ങയെ സ്വീകരി ക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദിവ്യകൂദാശയിൽ അങ്ങയെ സ്വീകരിക്കുവാൻ ഇപ്പോൾ എനിക്കു സാധ്യമല്ലാത്തതിനാൽ അരൂപിയിൽ എന്റെ ഹൃദയത്തിലേക്ക് അങ്ങ് എഴുന്നെള്ളിവരേണമെ. അങ്ങ് എന്നിൽ സന്നിഹിതനാണെന്ന് വിശ്വസിച്ച് ഞാനങ്ങയെ ആശ്ലേ ഷിക്കുകയും എന്നെ അങ്ങയോട് പൂർണ്ണമായും ഐക്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരിക്കലും അങ്ങയിൽ നിന്ന് അകലാൻ എന്നെ അനുവദിക്കരുതേ.
ആമേൻ.

**ത്രികാല ജപം**

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി;

R അതേ, അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി;
അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി;

R എല്ലാ നാമത്തെയുംകാൾ ഉന്നതമായ നാമം അവിടത്തേക്ക് നൽകി.

1 സ്വർഗ്ഗ.

സർവ്വേശ്വരാ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മർദ്ദക രുടെ കരങ്ങളിൽ ഏൽപ്പിക്കപ്പെട്ട് കുരിശിലെ പീഢകൾ സഹിച്ച് രക്ഷിച്ച

ഈ കുടുംബത്തെ തൃക്കൺപാർക്കണമേ എന്ന് അങ്ങയോടുകൂടെ എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.
ആമേൻ.

സമാപനഗാനം

സ്തുതിചൊല്ലി പിരിയുന്നു.

******

*(ദിവ്യകാരുണ്യാരാധനയുടെ ഓർമയ്ക്കായി കുടുംബാംഗങ്ങൾ ഒരുമിച്ച് ഭക്തിപൂർവം അരമണിക്കൂറെങ്കിലും താഴെ പറയുന്ന ക്രമത്തിൽ പ്രാർഥിക്കേണ്ടതാണ്.)*

പ്രാരംഭഗാനം

പ്രാരംഭപ്രാർഥന

വചനപാരായണം: മത്താ 26:14-27:66

ആരാധനാഗാനങ്ങൾ

മദ്ധ്യസ്ഥപ്രാർഥന

സമാപനഗാനം

## കർത്താവിന്റെ പീഡാസഹനത്തിന്റെ വെള്ളിയാഴ്ച

രാവിലെ കുടുംബാംഗങ്ങൾ ഒരുമിച്ച് ഭവനത്തിൽ കുരിശിന്റെ വഴി നടത്തുന്നു. ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് ശേഷം ദൈവാലയത്തിൽ കർത്താവിന്റെ പീഡാസഹനത്തിന്റെ ആചരണം നടത്തുമ്പോൾ കുടുംബാംഗങ്ങൾ ഭവനത്തിൽ ഒരുമിച്ചിരുന്ന് നവമാധ്യമങ്ങളിലൂടെ പ്രസ്തുതകർമങ്ങളിൽ പങ്കുചേരുന്നു. ഭവനത്തിൽ ക്രൂശിതരൂപം ഉചിതമായ രീതിയിൽ സജ്ജീകരിച്ച് പ്രതിഷ്ഠിക്കുകയും ദൈവാലയത്തിലെ കുരിശാരാധനയുടെ സമയത്ത് പ്രസ്തുത ക്രൂശിതരൂപം ചുംബിക്കുകയും ചെയ്യാവുന്നതാണ്. ദൈവാലയത്തിൽ കുർബാനസ്വീകരണസമയത്ത് ഭവനത്തിൽ ആത്മീയദിവ്യകാരുണ്യസ്വീകരണപ്രാർഥന ചൊല്ലേണ്ടതാണ്. ഇതിനുശേഷം പുത്തൻപാന വായിക്കുന്നത് ഉചിതമായിരിക്കും.

നവമാധ്യമങ്ങളിലൂടെ തിരുക്കർമങ്ങളിൽ പങ്കുചേരാൻ സാധിക്കാത്ത വർക്ക് താഴെ പറയുന്ന ക്രമം ഉപയോഗിക്കാവുന്നതാണ്.

*(കുരിശുരൂപം വീടുകളിൽ ക്രമീകരിക്കുന്നു. തുടർന്ന് രൂപത്തിന്റെ മുമ്പിൽ നിന്നുകൊണ്ട്)*

കുടുംബനാഥൻ/നാഥ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാ വിന്റെയും നാമത്തിൽ
ആമേൻ.

*(തുടർന്ന്)*

ഗാഗുൽത്താമലയിൽ നിന്നും
വിലാപത്തിൻ മാറ്റൊലി കേൾപ്പൂ
ഏവമെന്നെ ക്രൂശിലേറ്റുവാൻ
അപരാധമെന്തു ഞാൻ ചെയ്തു.. (ഗാഗുൽത്താ...)

മുന്തിരി ഞാൻ നട്ടു നിങ്ങൾക്കായി
മുന്തിരിച്ചാറൊരുക്കിവച്ചു
എങ്കിലുമീകൈപ്പുനീരല്ലേ
ദാഹശാന്തി എനിക്കു നൽകീ... (ഗാഗുൽത്താ...)

വനത്തീലൂടാനയിച്ചൂ ഞാൻ
അന്നമായ് വിൺമന്നില്ലേ
അതിനെല്ലാം നന്ദിയായ് നിങ്ങൾ
കുരിശല്ലോ നൽകിടുന്നിപ്പോൾ (ഗാഗുൽത്താ...)

കൊടുങ്കാറ്റിലന്നു നിങ്ങൾക്കായി
മേഘദീപത്തൂണുതീർത്തു ഞാൻ
അറിയാത്തൊരപരാധങ്ങൾ
ചുമത്തുന്നു നിങ്ങളിന്നെന്നിൽ.. (ഗാഗുൽത്താ...)

രാജചെങ്കോലേകിവാഴിച്ചു
നിങ്ങളെഞാനെത്ര മാനിച്ചു
എൻ ശിരസ്സിൽമുൾമുടിചാർത്തി
നിങ്ങളിന്നെൻ ചെന്നിണംതൂകി.. (ഗാഗുൽത്താ...)

നിങ്ങളെഞ്ഞാനുയർത്താൻ വന്നു
ക്രൂശിലെന്നെ തറച്ചുനിങ്ങൾ
മോക്ഷ വാതിൽതുറക്കാൻ വന്നു
ശിക്ഷയായെൻ കൈകൾ ബന്ധിച്ചു.. (ഗാഗുൽത്താ...)

കുരിശിന്മേലാണികണ്ടു ഞാൻ
ഭീകരമാം മുള്ളുകൾ കണ്ടു
വികാരങ്ങൾ കുന്നുകൂടുന്നു
കണ്ണുനീരിൽചാലുവീഴുന്നു.. (ഗാഗുൽത്താ...)

മരത്താലേ വന്ന പാപങ്ങൾ
മരത്താലേ മായ്ക്കുവാനായി
മരത്തിന്മേലാർത്തനായ് തൂങ്ങി
മരിക്കുന്നു രക്ഷകൻ ദൈവം.. (ഗാഗുൽത്താ...)

വിജയപ്പൊൻകൊടി പാറുന്നു
വിശുദ്ധിതൻവെണ്ണ വീശുന്നു
കുരിശേ നിൻ ദിവ്യ പാദങ്ങൾ
നമിക്കുന്നുസാദരം ഞങ്ങൾ.. (ഗാഗുൽത്താ...)

*(തുടർന്ന് പീഡാനുഭവ സുവിശേഷഭാഗം വായിക്കുന്നു.)*
യോഹന്നാന്റെസുവിശേഷം (18:1-19:42)

*(അതിനുശേഷം മദ്ധ്യസ്ഥപ്രാർഥന ചൊല്ലുന്നു)*

1. **തിരുസഭയ്ക്കുവേണ്ടി**
പ്രിയപ്പെട്ടവരേ, ദൈവത്തിന്റെ വിശുദ്ധസഭയ്ക്കുവേണ്ടി നമുക്കു പ്രാർഥിക്കാം. നമ്മുടെ ദൈവവും കർത്താവും തിരുസഭയ്ക്ക് ലോകമെങ്ങും സമാധാനവും ഐക്യവും സംരക്ഷണവും നല്കുമാറാകട്ടെ. സ്വൈരവും ശാന്തവുമായ ജീവിതം നയിച്ച് സർവശക്തനായ പിതാവായ ദൈവത്തെ മഹത്ത്വപ്പെടുത്താൻ നമ്മെ അനുഗ്രഹിക്കട്ടെ.
*(മൗനമായി പ്രാർഥിക്കുന്നു)*

2. **പരിശുദ്ധ പിതാവിനുവേണ്ടി**
നമ്മുടെ പരിശുദ്ധപിതാവായ ഫ്രാൻസിസ് പാപ്പായ്ക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം. അദ്ദേഹത്തെ മെത്രാൻപദവിയി

ലേക്കു തിരഞ്ഞെടുത്ത നമ്മുടെ കർത്താവും ദൈവവും അവിടത്തെ തിരുസഭയ്ക്കുവേണ്ടി ദൈവത്തിന്റെ വിശുദ്ധജനത്തെ നയിക്കാൻ അദ്ദേഹത്തെ കാത്തുരക്ഷിക്കുകയും ആപത്തുകളിൽ നിന്ന് മോചിപ്പിക്കുകയും ചെയ്യുമാറാകട്ടെ.
*(മൗനമായി പ്രാർഥിക്കുന്നു)*

3. **വിവിധ ശുശ്രൂഷാപദവിയിലുള്ള എല്ലാസഭാംഗങ്ങൾക്കും വേണ്ടി**

നമ്മുടെ രൂപതാധ്യക്ഷനായ ............മെത്രാനും സഭയിലെ മറ്റെല്ലാ മെത്രാന്മാർക്കും വൈദികർക്കും ഡീക്കന്മാർക്കും സമസ്തവിശ്വാസിസമൂഹത്തിനുംവേണ്ടി നമുക്കു പ്രാർഥിക്കാം.
*(മൗനമായി പ്രാർഥിക്കുന്നു)*

4. **ക്രൈസ്തവരുടെ ഐക്യത്തിനുവേണ്ടി**

ക്രിസ്തുവിൽ വിശ്വസിക്കുന്ന സമസ്തസഹോദരർക്കുവേണ്ടിയും നമുക്കു പ്രാർഥിക്കാം. അവർ സത്യംജീവിച്ചുകൊണ്ട്, നമ്മുടെ കർത്താവും ദൈവവും തന്റെ ഏകസഭയിൽ അവരെ ഒരുമിച്ചു ചേർക്കാനും പരിപാലിക്കാനും തിരുവുള്ളമാകട്ടെ.
*(മൗനമായി പ്രാർത്ഥിക്കുന്നു)*

5. **യഹൂദജനത്തിനുവേണ്ടി**

യഹൂദജനത്തിനുവേണ്ടിയും നമുക്കു പ്രാർഥിക്കാം. അവരോടാണല്ലോ നമ്മുടെ കർത്താവായ ദൈവം ഇദംപ്രഥമമായി സംസാരിച്ചത്. അങ്ങനെ, അവിടത്തെ നാമത്തോടുള്ള സ്നേഹത്തിലും അവിടത്തെ ഉടമ്പടിയുടെ വിശ്വസ്തതയിലും അവർ മുന്നേറാൻ അവിടന്ന് അവരെ അനുഗ്രഹിക്കട്ടെ.
*(മൗനമായി പ്രാർഥിക്കുന്നു)*

6. **ഭരണാധികാരികൾക്കുവേണ്ടി**

രാജ്യത്തിലെ എല്ലാ ഭരണാധികാരികൾക്കുംവേണ്ടി നമുക്കു പ്രാർഥിക്കാം: എല്ലാവരും യഥാർഥമായ സമാധാനവും സ്വാതന്ത്ര്യവും കൈവരിക്കാൻ നമ്മുടെ കർത്താവും ദൈവവും തന്റെ തിരുഹിതത്തിനൊത്തവിധം, ഭരണാധികാരികളുടെ ഹൃദയവും മനസ്സും നയിക്കുമാറാകട്ടെ.
*(മൗനമായി പ്രാർഥിക്കുന്നു)*

**7. യാതനകൾ അനുഭവിക്കുന്നവർക്കുവേണ്ടി**

പ്രിയപ്പെട്ടവരേ, എല്ലാതെറ്റുകളിലുംനിന്ന് ലോകത്തെ സംശുദ്ധ മാക്കുന്നതിനും രോഗങ്ങൾ നിവാരണംചെയ്യുന്നതിനും ദാരിദ്ര്യ നിർമാർജനത്തിനും തടവറകൾ തുറക്കുന്നതിനും വിലങ്ങുകൾ അഴിക്കുന്നതിനും യാത്രികരെ സുരക്ഷിതരാക്കുന്നതിനും തീർഥാ ടകരെ തിരിച്ചെത്തിക്കു ന്നതിനും രോഗികളെ, വിശിഷ്യാ കൊറോണ വൈറസ് ബാധിതരായ എല്ലാവരെയും, സുഖപ്പെടു ത്തുന്നതിനും മരിക്കുന്നവർക്ക് നിത്യരക്ഷ നല്കുന്നതിനുംവേണ്ടി സർവശക്തനും പിതാവുമായ ദൈവത്തോട് നമുക്കു പ്രാർഥി ക്കാം.

*(മൗനമായി പ്രാർഥിക്കുന്നു)*

*("സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർഥന ചൊല്ലുന്നു.)*

**അരൂപിയിലുള്ള ദിവ്യകാരുണ്യസ്വീകരണം**

എന്റെ യേശുവേ അങ്ങ് ദിവ്യകാരുണ്യകൂദാശയിൽ സന്നിഹിത നാണെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാവസ്തുക്കളേയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുകയും എന്റെ ആത്മാവിൽ അങ്ങയെ സ്വീകരി ക്കുവാൻ ഞാൻ ആഗ്രഹിക്കുകയുംചെയ്യുന്നു. ദിവ്യകൂദാശയിൽ അങ്ങയെ സ്വീകരിക്കുവാൻ ഇപ്പോൾ എനിക്കു സാധ്യമല്ലാത്തതിനാൽ അരൂപിയിൽ എന്റെ ഹൃദയത്തിലേക്ക് അങ്ങ് എഴുന്നെള്ളി വരേണ മെ. അങ്ങ് എന്നിൽ സന്നിഹിതനാണെന്ന് വിശ്വസിച്ച് ഞാനങ്ങയെ ആശ്ലേഷിക്കുകയും എന്നെ അങ്ങയോട് പൂർണ്ണമായും ഐക്യപ്പെടു ത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരിക്കലും അങ്ങയിൽ നിന്ന് അകലാൻ എന്നെ അനുവദിക്കരുതേ.

ആമേൻ

**ത്രികാല ജപം**

മിശിഹാ നമുക്കുവേണ്ടി മരണത്തോളം കീഴ്വഴങ്ങി;

R അതേ, അവിടുന്ന് കുരിശുമരണത്തോളം കീഴ്വഴങ്ങി;
അതിനാൽ സർവ്വേശ്വരൻ അവിടുത്തെ ഉയർത്തി;

R എല്ലാ നാമത്തെയുംകാൾ ഉന്നതമായ നാമം അവിടത്തേക്ക് നൽകി.

1 സ്വർഗ്ഗ.

സർവ്വേശ്വരാ ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു മർദ്ദകരുടെ കരങ്ങളിൽ ഏൽപ്പിക്കപ്പെട്ട് കുരിശിലെ പീഡകൾ സഹിച്ച് രക്ഷിച്ച ഈ കുടുംബത്തെ തൃക്കൺപാർക്കണമേ എന്ന് അങ്ങയോടുകൂടെ എന്നേക്കും ജീവിച്ചുവാഴുന്ന ഞങ്ങളുടെ കർത്താവായ യേശുക്രിസ്തു വഴി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.
ആമേൻ.

സമാപനഗാനം

സ്തുതിചൊല്ലി പിരിയുന്നു.

## കർത്താവിന്റെ ഉത്ഥാനത്തിന്റെ പെസഹാഞായർ

വലിയ ശനിയാഴ്ച വൈകുന്നേരം നിശ്ചിതസമയത്ത് ദൈവാലയത്തിൽ ജനരഹിതമായി നിർവഹിക്കപ്പെടുന്ന തിരുകർമങ്ങൾ നവമാധ്യമങ്ങളിലൂടെ പ്രക്ഷേപണം ചെയ്യുമ്പോൾ കുടുംബാംഗങ്ങൾ ഭവനത്തിൽ ഒരുമിച്ചുചേർന്ന് അതിൽ ഭക്തിപൂർവം പങ്കുചേരുന്നു. ജനങ്ങൾക്ക് ഉപയോഗത്തിനുള്ള തീർഥജലം തിരുകർമങ്ങളുടെ സമയത്ത് ആശിർവദിച്ച് സൂക്ഷിക്കുകയും സാഹചര്യം അനുവദിക്കുമ്പോൾ ജനങ്ങൾക്ക് നല്കുകയും ചെയ്യാവുന്നതാണ്.

മാധ്യമങ്ങളിലൂടെ തിരുക്കർമങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവർ വലിയശനിയാഴ്ച സൂര്യാസ്തമയത്തിനുശേഷം നിശ്ചിതസമയത്ത് ഭവനത്തിൽ ഒരുമിച്ചുകൂടി താഴെ പറയുന്ന ക്രമം ഉപയോഗിച്ച് പ്രാർഥനാശുശ്രൂഷ നടത്താവുന്നതാണ്.

*(ഒരു മെഴുകുതിരി കത്തിച്ച് മേശയിൽ സ്ഥാപിക്കുന്നു)*

കുടുംബനാഥൻ/നാഥ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ
ആമേൻ.

പ്രിയപ്പെട്ടവരേ, നമ്മുടെ കർത്താവായ യേശുക്രിസ്തു മരണത്തിൽനിന്ന് ജീവനിലേക്ക് കടന്നുപോയ പരിപാവനമായ ഈ രാത്രിയിൽ ജാഗരത്തിനും പ്രാർഥനയ്ക്കും ഒരുമിച്ചുവരാൻ, ലോകമെങ്ങും ചിതറിക്കിടക്കുന്ന മക്കളെ സഭ ക്ഷണിക്കുന്നു. വചനം ശ്രവിച്ചുകൊണ്ടും അവിടത്തെ രഹസ്യം അനുഷ്ഠിച്ചുകൊണ്ടും കർത്താവിന്റെ

പെസഹാ ഇപ്രകാരം അനുസ്മരിക്കുമ്പോൾ അവിടത്തെ മരണത്തിനുമേലുള്ള വിജയത്തിൽ പങ്കാളികളാകാനും അവിടത്തോടൊത്ത് ദൈവത്തിൽ ജീവിക്കാനുമുള്ള പ്രത്യാശ നമുക്കു കൈവരും.

**വചനപാരായണം**

ഒന്നാം വായന

പുറപ്പാടിന്റെ പുസ്തകത്തിൽ നിന്നുള്ള വായന (14: 15- 15:1)

**കർത്താവിന്റെ വചനം - ദൈവത്തിനു നന്ദി**

രണ്ടാം വായന

ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള വായന (54:5-14)

**കർത്താവിന്റെ വചനം - ദൈവത്തിനു നന്ദി**

മൂന്നാം വായന

പൗലോസ് അപ്പോസ്തലൻ റോമാക്കാർക്കെഴുതിയ ലേഖനത്തിൽ നിന്നുള്ള വായന (6:3-11)

**കർത്താവിന്റെ വചനം - ദൈവത്തിനു നന്ദി**

*(കുടുംബാംഗങ്ങൾ എല്ലാവരും കത്തിച്ച തിരികൾ കൈയ്യിൽ പിടിച്ചു കൊണ്ട് വിശ്വാസപ്രമാണം ചൊല്ലുന്നു.)*

സർവശക്തനായ പിതാവും/ സ്വർഗത്തിന്റെയും ഭൂമിയുടെയും സ്രഷ്ടാവുമായ/ ഏകദൈവത്തിലും/ അവിടത്തെ ഏകപുത്രനും/ ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിലും/ ഞാൻ വിശ്വസിക്കുന്നു./ (തുടർന്നുവരുന്ന വാക്കുകൾ മുതൽ, കന്യകമറിയത്തിൽനിന്നു പിറന്ന് എന്നതുവരെ എല്ലാവരും ശിരസ്സ് നമിക്കുന്നു.) അവിടന്ന് പരിശുദ്ധാത്മാവാൽ ഗർഭസ്ഥനായി/ കന്യകമറിയത്തിൽനിന്നു പിറന്ന്,/ പോന്തിയൂസ് പീലാത്തോസിന്റെ കാലത്ത്/ പീഡകൾ സഹിച്ച്,/ ക്രൂശിക്കപ്പെട്ട്,/ മരിച്ച് അടക്കപ്പെട്ട്,/ പാതാളങ്ങളിലിറങ്ങി/ മരിച്ചവരുടെ ഇടയിൽനിന്ന്/ മൂന്നാംദിവസം ഉയിർത്ത്/ സ്വർഗത്തിലേക്ക് എഴുന്നള്ളി/ സർവശക്തനായ പിതാവായ ദൈവത്തിന്റെ/ വലത്തുഭാഗത്തിരിക്കുന്നു;/ അവിടെനിന്ന്/ ജീവിക്കുന്നവരെയും മരിച്ചവരെയും/ വിധിക്കാൻവരുമെന്നും/ ഞാൻ വിശ്വസിക്കുന്നു./ പരിശുദ്ധാത്മാവിലും ഞാൻ വിശ്വസിക്കുന്നു./ വിശുദ്ധ കത്തോലിക്കാസഭയിലും/ പുണ്യവാന്മാരുടെ ഐക്യ

ത്തിലും/ പാപങ്ങളുടെ മോചനത്തിലും/ ശരീരത്തിന്റെ ഉയിർപ്പിലും/ നിത്യമായ ജീവിതത്തിലും/ ഞാൻ വിശ്വസിക്കുന്നു,/ ആമേൻ.

*(തുടർന്ന് സുവിശേഷഭാഗം വായിക്കുന്നു.)*

മത്തായിയുടെ വിശുദ്ധ സുവിശേഷത്തിൽ നിന്നുള്ള
വായന (28:1–10)

**കർത്താവിന്റെ സുവിശേഷം –**
**ക്രിസ്തുവേ അങ്ങേയ്ക്കു സ്തുതി**

*(തുടർന്ന് 'അരൂപിയിലുള്ള ദിവ്യകാരുണ്യസ്വീകരണ പ്രാർഥന')*

**അരൂപിയിലുള്ള ദിവ്യകാരുണ്യസ്വീകരണം**

എന്റെ യേശുവേ അങ്ങ് ദിവ്യകാരുണ്യകൂദാശയിൽ സന്നിഹിതനാണെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളേയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുകയും എന്റെ ആത്മാവിൽ അങ്ങയെ സ്വീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദിവ്യകൂദാശയിൽ അങ്ങയെ സ്വീകരിക്കുവാൻ ഇപ്പോൾ എനിക്കു സാധ്യമല്ലാത്തതിനാൽ അരൂപിയിൽ എന്റെ ഹൃദയത്തിലേക്ക് അങ്ങ് എഴുന്നെള്ളി വരേണമെ. അങ്ങ് എന്നിൽ സന്നിഹിതനാണെന്ന് വിശ്വസിച്ച് ഞാനങ്ങയെ ആശ്ലേഷിക്കുകയും എന്നെ അങ്ങയോട് പൂർണ്ണമായും ഐക്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരിക്കലും അങ്ങയിൽ നിന്ന് അകലാൻ എന്നെ അനുവദിക്കരുതേ.

ആമേൻ.

*(തുടർന്ന് പെസഹാക്കാല ത്രിസന്ധ്യാജപം ചൊല്ലുന്നു.)*

സ്വർലോകരാജ്ഞീ, ആനന്ദിച്ചാലും, ഹല്ലേലൂയ.

എന്തെന്നാൽ ഭാഗ്യവതിയായ അങ്ങയുടെ തിരുവുദരത്തിൽ അവതരിച്ചയാൾ, ഹല്ലേലൂയ.

അരുൾചെയ്തതുപോലെ ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ.

ഞങ്ങൾക്കുവേണ്ടി സർവേശ്വരനോടു പ്രാർത്ഥിക്കണമേ, ഹല്ലേലൂയ.

കന്യാമറിയമേ, ആമോദിച്ചാനന്ദിച്ചാലും, ഹല്ലേലൂയ.

എന്തെന്നാൽ കർത്താവു സത്യമായി ഉയിർത്തെഴുന്നേറ്റു, ഹല്ലേലൂയ.

പ്രാർഥിക്കാം

സർവേശ്വരാ, അങ്ങയുടെ പുത്രനും ഞങ്ങളുടെ കർത്താവുമായ യേശുക്രിസ്തുവിന്റെ ഉത്ഥാനത്താൽ ലോകത്തെ ആനന്ദിപ്പിക്കാൻ അങ്ങ് തിരുമനസ്സായല്ലോ. അവിടത്തെ മാതാവായ കന്യാമറിയം മുഖേന ഞങ്ങൾ നിത്യാനന്ദം പ്രാപിക്കാൻ അനുഗ്രഹം നൽകണമേ എന്ന് അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു. ആമേൻ.

സമാപന ഗാനം

സ്തുതി ചൊല്ലി പിരിയുന്നു.

## അരൂപിയിലുള്ള ദിവ്യകാരുണ്യസ്വീകരണത്തിന്റെ പ്രാർഥനാക്രമം

ലീഡർ: പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ

കുടുംബം: ആമേൻ.

ലീഡർ : കൊറോണമഹാമാരി മനുഷ്യവംശത്തെ ആക്രമിച്ചുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ യേശുക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും ദൈവാലയങ്ങളിൽ അർപ്പിക്കപ്പെടുന്ന ബലിമദ്ധ്യേ സ്വീകരിക്കുക അസാധ്യമായതിനാൽ നമുക്കു അവിടത്തെ ആത്മീയമായി സ്വീകരിക്കാം. അതിനായ് നമ്മുടെ ഹൃദയങ്ങളെ ഒരുക്കാം. നമ്മുടെ പാപങ്ങളെ ഓർത്തു നമുക്ക് മാപ്പപേക്ഷിക്കാം.

കുടുംബം: സർവശക്തനായ ദൈവത്തോടും സഹോദരരെ നിങ്ങളോടും... (ദിവ്യബലിയിലെ പ്രാർഥന)

ലീഡർ : കാരുണ്യവാനായ പിതാവിനോട് കരുണയ്ക്കായ് യാചിക്കാം.

കുടുംബം: ഈശോയുടെ അതിദാരുണമാം പീഡാസഹനങ്ങളെയോർത്തെന്നും

പിതാവേ ഞങ്ങളുടെമേൽ ലോകം മുഴുവന്റെമേൽ കരുണയുണ്ടാകേണമേ (3 പ്രാവശ്യം)

ലീഡർ : നമുക്കു ദൈവവചനശ്രവണത്തിനായ് നമ്മുടെ കാതുകളും ഹൃദയവും പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിനായി സമർപ്പിക്കാം

**വചനപാരായണം**

(മത്താ 26:26-30/യോഹ 6:53-58)

ലീഡർ: നമുക്കു നമ്മുടെയും ലോകം മുഴുവന്റെയും ആവശ്യങ്ങൾ സമർപ്പിച്ചു പ്രാർഥിക്കാം

കുടുംബം: സ്വയംപ്രേരിത മധ്യസ്ഥപ്രാർഥനകൾ ചൊല്ലുന്നു.

ലീഡർ: യേശു പഠിപ്പിച്ച പ്രാർഥന ഉരുവിട്ടു പിതാവിനോടു വിളിച്ചപേക്ഷിക്കാം.

കുടുംബം: സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ...

ലീഡർ: ആത്മീയദിവ്യകാരുണ്യത്തിനായി ഹൃദയത്തെ ഒരുക്കിയ നമുക്കു ദൈവകുഞ്ഞാടായ യേശുവിനോട് യാചിക്കാം.

കുടുംബം: ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവകുഞ്ഞാടേ ഞങ്ങളിൽ കനിയണമെ! (3 പ്രാവശ്യം)

ലീഡർ : നമുക്കു ആത്മീയമായി യേശുവിനെ സ്വീകരിക്കാം

കുടുംബം: എന്റെ യേശുവേ അങ്ങ് ദിവ്യകാരുണ്യകൂദാശയിൽ സന്നിഹിതനാണെന്നു ഞാൻ വിശ്വസിക്കുന്നു. എല്ലാ വസ്തുക്കളേയുംകാൾ ഞാൻ അങ്ങയെ സ്നേഹിക്കുകയും എന്റെ ആത്മാവിൽ അങ്ങയെ സ്വീകരിക്കുവാൻ ഞാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ദിവ്യകൂദാശയിൽ അങ്ങയെ സ്വീകരിക്കുവാൻ ഇപ്പോൾ എനിക്കു സാധ്യമല്ലാത്തതിനാൽ അരൂപിയിൽ എന്റെ ഹൃദയത്തിലേക്ക് അങ്ങ് എഴുന്നള്ളിവരേണമെ. അങ്ങ് എന്നിൽ സന്നിഹിതനാണെന്ന് വിശ്വസിച്ച് ഞാനങ്ങയെ ആശ്ലേഷിക്കുകയും എന്നെ അങ്ങയോട് പൂർണ്ണമായും ഐക്യപ്പെടുത്തുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നു. ഒരിക്കലും അങ്ങയിൽ നിന്ന് അകലാൻ എന്നെ അനുവദിക്കരുതേ.
ആമേൻ.

ലീഡർ: നമ്മുടെ ഉള്ളിൽ എഴുന്നള്ളി വന്ന യേശുവിനെ നമുക്ക് ആരാധിക്കാം

കുടുംബം: പരിശുദ്ധ പരമദിവ്യകാരുണ്യത്തിന്, എന്നേരവും ആരാധനയും സ്തുതിയും പുകഴ്ചയും ഉണ്ടായിരിക്കട്ടെ (3 പ്രാവശ്യം)

ലീഡർ: നമ്മുടെ ഉള്ളിൽ സന്നിഹിതനായിരിക്കുന്ന യേശുവിനോട് നമ്മെ ശുദ്ധീകരിക്കണമെന്നപേക്ഷിക്കാം.

കുടുംബം:

യേശുവിന്നാത്മാവേ, എന്നെ ശുദ്ധീകരിക്കണമേ
യേശുവിൻ ശരീരമേ, എന്നെ രക്ഷിച്ചരുളണമേ.
യേശുവിൻ തിരുനിണമേ, എന്നെ ലഹരിയിലാഴ്ത്തണമേ
യേശുവിൻ ഹൃത്തടജലമേ, എന്നെ നിത്യം കഴുകണമേ.

യേശുവിൻ പീഡകളേ, എന്നെ സുധീരനാക്കണമേ.
നന്മതൻ നിറകുടമേ, എന്റെ പ്രാർത്ഥന കേൾക്കണമേ
നാഥാ, നിൻ തിരുമുറിവിൽ എനിക്കഭയം നല്കണമേ.
മേലിൽ വേർപിരിയാതെ എന്നെ അങ്ങിൽ ചേർക്കണമേ.

എല്ലാ തിന്മയിൽനിന്നും എന്നെ പരിരക്ഷിക്കണമേ
മരണം വന്നണയുമ്പോൾ എന്നെ അങ്ങു വിളിക്കണമേ
നിൻ തിരുസവിധം പൂകാൻ എന്നെ കല്പിച്ചരുളണമേ.
സകല വിശുദ്ധരുമൊന്നായ് നിന്നെ സതതം വാഴ്ത്തിടുവാൻ.

(യേശുവിന്നാ...)

സമാപനഗാനം

**പാവങ്ങളോടുള്ള കരുതൽ**

വിശുദ്ധവാരാചരണത്തിലൂടെ യേശുവുമായി അനുരൂപപ്പെട്ടുകൊണ്ട് പെസഹാരഹസ്യങ്ങൾ അർഥവത്തായി നമുക്ക് ആഘോഷിക്കാം യേശുവുമായുള്ള ബന്ധം, ദൃഢമാക്കിക്കൊണ്ട് നമ്മുടെ സഹോദരബന്ധം പ്രത്യേകിച്ച്, കൊറോണവൈറസിനിരയായവരും സാമ്പത്തികമായി കഷ്ടപ്പെടുന്നവരുമായുള്ള ബന്ധം, ശക്തിപ്പെടുത്തേണ്ടതാണ്. ആദിമക്രൈസ്തവസമൂഹത്തെപ്പോലെ നമുക്കുള്ളത് നമ്മുടെ സഹോദരരുമായി പങ്കുവയ്ക്കാൻ സാധിക്കണം. വേദന അനുഭവിക്കുന്ന സഹോദരരരെ നമ്മുടെ സ്വന്തം സഹോദരരായി കണ്ടുകൊണ്ട് അവരെ അകമഴിഞ്ഞ് സഹായിക്കാൻ സന്നദ്ധരാകേണ്ടതാണ്. ദിവസവേതനക്കാരായ സാധാരണക്കാർക്ക് ഭക്ഷണം, മരുന്ന് തുടങ്ങിയ അവശ്യകാര്യങ്ങൾ ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്താൻ നമ്മൾ ശ്രദ്ധിക്കണം. സർക്കാർ ഒരുക്കുന്ന സംവിധാനങ്ങളോട് സഹകരിച്ചുകൊണ്ട് പാവങ്ങളെ സഹായിക്കാൻ മുന്നോട്ടുവരേണ്ടതാണ്. ജാതിമതഭേദമന്യേ വേദന അനുഭവിക്കുന്ന എല്ലാ സഹോദരരെയും സഹായിക്കാൻ സന്നദ്ധരായിക്കൊണ്ട് ഈ വിശുദ്ധവാരാചരണം അർത്ഥവത്തായി നടത്താൻ ദൈവം നമ്മെയെല്ലാവരെയും അനുഗ്രഹിക്കട്ടെ.

**+ ആർച്ചുബിഷപ് സൂസപാക്യം**
*ചെയർമാൻ, കെആർഎൽസിബിസി ലിറ്റർജികമ്മീഷൻ*